**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നിയോജകമണ്ഡല ആസ്തിവികസന പദ്ധതി 2016-17 - ഏറ്റുമാനൂർ നിയോജക മണ്ഡലം - 'മണലേൽപ്പള്ളി പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം' എന്ന പ്രവൃത്തിയുടെ ഭരണാനുമതി റദ്ദാക്കി പ്രസ്തുത തുക അയ്മനം ഗ്രാമ പഞ്ചായത്തിലെ പുലിക്കുട്ടിശ്ശേരി റോഡിൽ നിന്ന് മണലേൽപ്പള്ളി പാലം വരെയുള്ള 220 മീറ്റർ റോഡ് മണ്ണിട്ടുയർത്തി കോൺക്രീറ്റ് ചെയ്യുന്നതിനായി വിനിയോഗിക്കുന്നതിന് - പുതുക്കിയ ഭരണാനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ഇ.ഡബ്ല്യു.ബി) വകുപ്പ്

**സ.ഉ(സാധാ)നം. 1633/2020/തസ്വഭവ** **തിരുവനന്തപുരം, തീയതി : 09.09.2020**

പരാമർശം :-
1. സ.ഉ(അച്ചടി) നം.332/2012/ധന നമ്പർ ഉത്തരവ്.
2. 31.03.2017 ലെ സ . ഉ ( സാധാ ) നം . 1007/ 201 7 / തസ്വഭ നമ്പർ ഉത്തരവ്.
3. ശ്രീ. സുരേഷ് കുറുപ്പ് എം.എൽ.എ.യുടെ 18/10/2019 ലെ കത്ത്.
4. 20.03.2020 ലെ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ ഡിബി6/5321/2020/സി.ഇ/തസ്വഭവ നമ്പർ കത്ത്.
5. സ.ഉ (സാധാ) നം. 4732/2020/ധന തീയതി 17/08/2020 നമ്പർ ഉത്തരവ്.

## ഉത്തരവ്

ബഹു. ഏറ്റുമാനൂർ നിയോജകമണ്ഡലം എം.എൽ.എ ശ്രീ. സുരേഷ് കുറുപ്പ് അവർകളുടെ 2016-17 സാമ്പത്തിക വർഷത്തെ നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിൽ നിന്നും 23,58,636/-(ഇരുപത്തിമൂന്ന് ലക്ഷത്തി അൻപത്തി എണ്ണായിരത്തി അറുന്നൂറ്റി മുപ്പത്തിയാറ് രൂപ) രൂപയുടെ എസ്റ്റിമേറ്റിൽ 'മണലേൽപ്പള്ളി പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം' എന്ന പ്രവൃത്തി നടപ്പിലാക്കുന്നതിന് പരാമർശം (2) ലെ ഉത്തരവിലെ ക്രമ നമ്പർ 9 പ്രകാരം ഭരണാനുമതി ലഭിച്ചിരുന്നു. എന്നാൽ ടി പ്രവൃത്തിയുടെ സ്ഥലം പി . ഡബ്ല്യുഡി യുടെ അധീനതയിൽ ഉള്ളതിനാലും ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റിലെ പ്രവൃത്തികൾ പിഡബ്ല്യുഡി തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിരുന്നതിനാലും എൽ . എസ് . ജി . ഡിയ്ക്ക് അനുമതി ലഭിക്കാതെ പ്രസ്തുത പ്രവൃത്തി നടക്കാതെ പോയതിനാൽ മേൽ ഭരണാനുമതി ഉത്തരവ് റദ്ദ് ചെയ്ത് ആ തുക ഉപയോഗിച്ച് പുലിക്കുട്ടിശേരി റോഡിൽ നിന്ന് മണലേൽപ്പള്ളി പാലം വരെയുള്ള 220 മീറ്റർ നീളം റോഡ് മണ്ണിട്ടുയർത്തി കോൺക്രീറ്റ് ചെയ്യുന്നതിലേയ്ക്ക് ഭരണാനുമതി പുതുക്കി നല്കുന്നതിന് ബഹു. എം.എൽ.എയുടെ നിർദ്ദേശാനുസരണം PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ 20 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് പരാമർശം (4) പ്രകാരം ചീഫ് എഞ്ചിനീയർ ലഭ്യമാക്കിയിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച പരാമർശം (5) ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഏറ്റുമാനൂർ നിയോജക മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ. സുരേഷ് കുറുപ്പ് എം.എൽ.എ. യുടെ 2016 -17 ലെ ആസ്തി വികസന ഫണ്ടിൽ നിന്നും പരാമർശം (2) ഉത്തരവിലെ ക്രമനമ്പർ 9 പ്രകാരം 23,58,636/-(ഇരുപത്തിമൂന്ന് ലക്ഷത്തി അൻപത്തി എണ്ണായിരത്തി അറുന്നൂറ്റി മുപ്പത്തിയാറ് രൂപ) രൂപയ്ക്ക് നൽകിയ ഭരണാനുമതി റദ്ദ് ചെയ്ത് പ്രസ്തുത തുക ഉപയോഗിച്ച് അയ്മനം ഗ്രാമ പഞ്ചായത്തിലെ പുലിക്കുട്ടിശ്ശേരി റോഡിൽ നിന്നും മണലേൽപ്പള്ളി പാലം വരെയുള്ള 220 മീറ്റർ നീളമുള്ള റോഡ് മണ്ണിട്ടുയർത്തി കോൺക്രീറ്റ് ചെയ്യുന്നതിന് വിനിയോഗിക്കാൻ ഭരണാനുമതി നൽകി ഉത്തരവാകുന്നു.

3) പരാമർശം (2) ലെ സർക്കാർ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ബിജുകുട്ടൻ എം.എസ്**

**അഡീഷണൽ സെക്രട്ടറി**

ശ്രീ. സുരേഷ് കുറുപ്പ് എം.എൽ.എ.( ആമുഖ കത്ത് സഹിതം)
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്,തിരുവനന്തപുരം.
എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാ പഞ്ചായത്ത്, കോട്ടയം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, അയ്മനം ഗ്രാമ പഞ്ചായത്ത്
സെക്രട്ടറി, അർപ്പൂക്കര ഗ്രാമ പഞ്ചായത്ത്
ഫിനാൻസ് വകുപ്പ്(1548907/എൻ.സി.ബി.3/54/2020/ധന.തീയതി 27.08.2020)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ